## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1306 — 20.03.2012-ൽ മറുപടിയ്ക്ക്

### ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | ഇക്കഴിഞ്ഞ ഗ്രാന്റ് കേരള ഷോപ്പിംഗ് ഫെസ്റ്റിവലിന്റെ നടത്തിപ്പിനായി മൊത്തം ചെലവായ തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഫെസ്റ്റിവലിന്റെ വരവ് ചെലവ് കണക്കുകളുടെ ഓഡിറ്റുകൾ പൂർത്തിയായി വരുന്നതേയുള്ളു. ഫെസ്റ്റിവലിന് ചെലവായ മുഴുവൻ തുകയും കൊടുത്തു കഴിഞ്ഞിട്ടില്ല. ഇതുവരെ ചെലവായ തുകയുടെ വിശദാംശങ്ങൾ അനുബന്ധം A ആയി ചേർത്തിരിക്കുന്നു. |
| (ബി) | ഫെസ്റ്റിവൽ നടത്തിപ്പുമായി ബന്ധപ്പെട്ട് ഏതെല്ലാം ഏജൻസികൾക്ക് എന്ത് തുക വീതം നൽകേണ്ടതായി വന്നു; ഓപ്പണിംഗ് സെറിമണി, ക്ലോസ്സിംഗ് സെറിമണി, നറുക്കെടുപ്പ് പരിപാടികൾ, സമ്മാനങ്ങൾ, പരസ്യങ്ങൾ തുടങ്ങി ഓരോ ഇനത്തിലും ചെലവായ തുകയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (ബി) | കഴിഞ്ഞ ഫെസ്റ്റിവലിന്റെ ഭാഗമായി വിവിധ ഏജൻസികൾക്ക് നല്കേണ്ടതായ പേയ്മെന്റുകൾ പരിശോധിച്ച് തീർപ്പാക്കി വരുന്നതേയുള്ളു. ഇതുവരെ നൽകിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധം B ആയി ചേർത്തിരിക്കുന്നു. |
| (സി) | ഫെസ്റ്റിവൽ കാലയളവിൽ വിപണന രംഗത്തുണ്ടായ നേട്ടങ്ങൾ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; ആയത് വെളിപ്പെടു | (സി) | മുൻകാല ഫെസ്റ്റിവൽ സമയത്ത് വ്യാപാര സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച പ്രതികരണത്തിൽ നിന്നും ഓണക്കാലത്തിനു സമാനമായ |

ത്താമോ;

മികച്ച വ്യാപാരാന്തരീക്ഷം ഫെസ്റ്റിവൽ സമയത്ത് ഉണ്ടായതായി വിലയിരുത്തുന്നു. കൂടാതെ വിൽപ്പന നികുതിയിലും ആനുപാതികമായ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഫെസ്റ്റിവൽ നടത്തിപ്പിനായി നിർദ്ദേശിക്കപ്പെട്ട സർക്കാരിന്റെ പരിഗണനയിലുണ്ടായിരുന്ന സ്ഥിരം സംവിധാനം എന്തായിരുന്നു; അത് നിലവിൽ വരുന്നതിനുള്ള തടസ്സങ്ങൾ എന്താണ് എന്നത് വ്യക്തമാക്കുമോ; അടുത്ത ഫെസ്റ്റിവൽ പ്രസ്തുത സംവിധാനത്തിൻ കീഴിൽ നടപ്പാക്കുമോ?

(ഡി) സംസ്ഥാനത്തിന്റെ വ്യാപാര-ടൂറിസം മേഖലയിലെ വികസന സാധ്യതകൾ വിനിയോഗിച്ചു കൊണ്ട് സംസ്ഥാനത്തെ ഒരു അന്താരാഷ്ട്ര വ്യാപാര -വാണിജ്യ കേന്ദ്രമെന്ന നിലയിൽ ശ്രദ്ധേയ-മാക്കുക എന്ന ഉദ്ദേശത്തോടെ പ്രസ്തുത ഫെസ്റ്റിവൽ സംഘടിപ്പിക്കാനായി ഒരു പ്രത്യേക കമ്പനി /സംവിധാനം ഒരുക്കാനുള്ള ഒരു നിർദ്ദേശം മുമ്പ് പരിഗണിച്ചിരുന്നു. എന്നാൽ ഫെസ്റ്റിവൽ നടത്തുന്നതിനായി ഒരു പ്രത്യേക കമ്പനി രൂപീകരിക്കേണ്ടതില്ല എന്ന് കരു-തുന്നതിനാൽ നിലവിലുള്ളതു പോലെ ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ തന്നെ അടുത്ത ഫെസ്റ്റിവലും സംഘടിപ്പിക്കാ-നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

# അനുബന്ധം A

| | |
|---|---|
| പബ്ളിസിറ്റി | 382 ലക്ഷം |
| ഇവന്റ്സ് | 95.65 ലക്ഷം |
| പ്രിന്റിംഗ് | 717.26 ലക്ഷം |
| ലോജിസ്റ്റിക്സ് | 100.96 ലക്ഷം |
| സമ്മാനങ്ങൾ | 1433.95 ലക്ഷം |
| അഡ്മിനിസ്ട്രേഷൻ | 53.48 ലക്ഷം |
| ആകെ | 2783.30 ലക്ഷം |

# അനുബന്ധം B

| | | |
|---|---|---|
| ഇവന്റ് മാനേജ്മെന്റ് ഏജൻസി (ക്രയോൺസ്) | നറുക്കെടുപ്പ് പരിപാടികൾ | 45 ലക്ഷം |
| | ഉത്ഘാടന പരിപാടികൾ | 50 ലക്ഷം |
| | സമാപന പരിപാടികൾ | തുക നൽകിയിട്ടില്ല. ബില്ലുകൾ പരിശോധിച്ചു വരുന്നു. |
| | പ്രിന്റിംഗ് | 71 ലക്ഷം |
| | പരസ്യ ചിത്രീകരണം | 16 ലക്ഷം |
| | ലോജിസ്റ്റിക്സ് | 10 ലക്ഷം |
| സൗത്ത് ഇന്ത്യൻ ബാങ്ക് | സമ്മാന വിതരണം | 1433.95 ലക്ഷം |
| വിവിധ പത്ര മാധ്യമങ്ങൾ | പരസ്യ പ്രചാരണം | 164 ലക്ഷം |
| വിവിധ ദൃശ്യ മാധ്യമങ്ങൾ | പരസ്യ പ്രചാരണം | 49 ലക്ഷം |

Section officer,
Tourism (B) Dept